# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1224/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.6/1224/21 തീയ്യതി: 06/12/2021

## കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-11-2019 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 15-11-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 04-10-2021 | 23-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 23-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രദീപ് കുമാർ.എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ.എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗിരീശൻ കെ കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഉമേഷ് ബാബു കോട്ടായി | സെക്രട്ടറി | 01-04-2019 | 28-11-2019 |
| ശ്രീ. മനോജ് സി ടി,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-11-2019 | 08-12-2019 |
| ശ്രീ.പ്രദീപൻ എൻ | സെക്രട്ടറി | 09-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മനോജ് സി ടി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ദിവ്യ രാജൻ എം ഡി | അസി.എഞ്ചിനീയർ | 01-04-2019 | 22-04-2019 |
| | | 24-05-2019 | 25-09-2019 |
| ശ്രീ. ഗോകുൽ കൃഷ്ണൻ എ ജി | അസി.എഞ്ചിനീയർ | 23-04-2019 | 23-05-2019 |
| ശ്രീ. ജയരാജ് പി | അസി.എഞ്ചിനീയർ | 26-09-2019 | 31-03-2020 |
| ശ്രീമതി. ആർദ്ര എസ് രഘുനാഥ് | കൃഷി ഓഫീസർ | 01-04-2019 | 17-07-2019 |
| | | 16-09-2019 | 01-02-2020 |
| ശ്രീമതി. ബിന്ദു എൻ കെ | കൃഷി ഓഫീസർ | 18-07-2019 | 02-09-2019 |
| ശ്രീമതി. രമ കെ ടി | കൃഷി ഓഫീസർ | 03-09-2019 | 15-09-2019 |
| ശ്രീമതി. പി രാജശ്രീ | കൃഷി ഓഫീസർ | 02-02-2020 | 31-03-2020 |
| ഡോ.കിരൺ വിശ്വനാഥൻ. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിലാസിനി കക്കോത്ത് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി. ബിന്ദുറാണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ശ്രീ.പ്രവീൺകുമാർ പി. | വി.ഇ.ഒ.(കാടാച്ചിറ) | 01-04-2019 | 09-09-2019 |
| ശ്രീ.രനിൽ പി.പി. | വി.ഇ.ഒ.(കാടാച്ചിറ) | 10-09-2019 | 24-10-2019 |
| ശ്രീമതി പ്രജീന ആർ | വി.ഇ.ഒ.(കാടാച്ചിറ) | 25-10-2019 | 31-03-2020 |
| ശ്രീ.രനിൽ പി.പി. | വി.ഇ.ഒ.(കടമ്പൂർ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ഫഹദ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 15-05-2019 |
| ഡോ.രേഷ്മ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 16-05-2019 | 04-11-2019 |
| ഡോ.ജിബിന | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 05-11-2019 | 30-01-2020 |
| ഡോ.അരുൾജിത്ത് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 31-01-2020 | 31-03-2020 |
| ശ്രീമതി പ്രീതി പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-03-2020 | 31-03-2020 |

ഗ്രാമപഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ ചുമതലയേറ്റത് 05.03.2020-നാണ്

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pradeep Kumar M (Audit Officer, On 24-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 24-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 1-2 |
| 3 | ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-9 |
| 11 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Dhanya M (Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-10 |
| 12 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 23-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 1-10-1 |
| 13 | തൊഴിൽനികുതി രജിസ്റ്ററിലേയും റിട്ടേണുകളിലേയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya M (Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-10-2 |
| 14 | എഫ്.ടി.ഇ.& ഒ എസ് ലൈസൻസ് അപാകങ്ങൾ<br>Written By: Dhanya M (Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-11 |
| 15 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപാകങ്ങൾ<br>Written By: Dhanya M (Auditor, On 23-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-12 |
| 16 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-13 |
| 17 | മുട്ടക്കോഴിയും കൂടും- ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള | 1-14 |

| | | |
|---|---|---|
| | ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കാവുന്നതല്ല.<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | |
| 18 | ബാലസഭാ പ്രവർത്തനം - ഫണ്ട് അനുവദിക്കൽ - രേഖകൾ ഹാജരാക്കിയില്ല –40000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-15 |
| 19 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ള്യൂ.എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 847167/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-16 |
| 20 | ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 1-17 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -പൊതു അപാകങ്ങൾ.<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-18 |
| 22 | ഹരിതകേരള മിഷൻ മെറ്റീരിയൽ കലക്ഷൻ സെന്ററും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-19 |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾ നിയമാനുസൃതമായ പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 1-20 |
| 24 | GST കോമ്പൻസേഷൻ -സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 26-10-2021) | 1-21 |
| 25 | ഒഴിഞ്ഞ ടാർ ബാരലിന്റെ വില അതാത് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 24-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | 1-22 |
| | **ഭാഗം 2** | |
| 1 | മൂലധനനിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല - വരവിനത്തിൽ 8500 രൂപയുടെ നഷ്ടം<br>Written By: Dhanya M (Auditor, On 02-12-2021)<br>Last Updated By: Dhanya M (Auditor, On 02-12-2021) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-12-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 26-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pradeep Kumar M (Audit Officer, On 25-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Pradeep Kumar M (Audit Officer, On 27-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Pradeep Kumar M (Audit Officer, On 25-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യപത്രികകൾ | |

# ഭാഗം -1

## 1-1 ബജറ്റ്

കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 15-02-2019 തീയതിയിലെ 63/19(1) തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 16-03-2020 ലെ 105/20(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2934000 | 2934000 |
| വരവ് | 104480000 | 100834188 |
| ആകെ | 107414000 | 103768188 |
| ചെലവ് | 106277000 | 102274015 |
| നീക്കിയിരിപ്പ് | 1137000 | 1494173 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 28-05-2020 | തിരിച്ചയച്ചിട്ടില്ല | -- |

## 1-2-1 ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ

1) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) വാർഷിക ധനകാര്യപത്രികയിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

2) B-18 പ്രകാരം Advance To Others എന്ന ഇനത്തിൽ നീക്കിയിരിപ്പുള്ള 25,205 രൂപ ഏപ്രിൽ 2014 ന് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തെറ്റായി പെയ്മെന്റ് ചെയ്ത തുക അഡ്വാൻസ് ഹെഡിലേക്ക് മാറ്റിയതാണ്. അയത് ക്രമീകരിക്കേണ്ടതാണ്.

3) B-3 Capital Contribution ഇനത്തിൽ തൻവർഷം അസറ്റ് നിർമ്മാണത്തിനായി ചെലവഴിച്ച തുക ഉൾപ്പെടുത്തി കാലീകമാക്കിയിട്ടില്ല.

4)സ്ഥാപനത്തിന്റെ എല്ലാ ബാധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: കരാറുകാർ സമർപ്പിച്ച അംഗീകരിച്ച ബില്ലുകൾ പ്രകാരമുള്ള തുക നൽകാൻ ബാക്കിയുള്ളവ (ക്യു ബില്ലുകൾ പ്രകാരമുള്ള തുകകൾ)

5) അസറ്റ് രജിസ്റ്റർ, തൻവർഷം ( ആർ പി 38 പ്രകാരം ) സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഉൾപ്പെടുത്തി കാലീകമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7652797 |
| വരവ് | 32568444 |
| ആകെ | 40221241 |
| ചെലവ് | 31649313 |
| നീക്കിയിരിപ്പ് | 8571928 |
| വരവിനങ്ങളിലെ നഷ്ടം | 8500 |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 887167 |

## 1-4 ഫണ്ട് വിനിയോഗം

| **ഫണ്ടിനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ആകെ ചെലവ്** | **നീക്കിയിരിപ്പ്/ ലാപ്സായ തുക** | **ചെലവ് %** |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് | | 7559000 | 7559000 | 6057386 | 1501614 | 80.13 |
| വികസന ഫണ്ട്-എസ്.സി.പി | | 749000 | 749000 | 749000 | 0 | 100 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 131000 | 131000 | 0 | 131000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 5882000 | 5882000 | 2341831 | 3540169 | 39.81 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3264413 | 3264413 | 2059235 | 1205178 | 63.08 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5778424 | 5778424 | 1550378 | 4228046 | 26.83 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 190090 | 529151 | 7199241 | 634782 | 84459 | |
| സാക്ഷരത | 413506 | 13792 | 427298 | 413006 | 14292 | |
| എം പി ഫണ്ട് | 21880 | 754 | 22634 | 0 | 22634 | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 278000 | 0 | 278000 | 181000 | 147000 | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| വിമുക്തി | 37000 | 0 | 37000 | 0 | 37000 | |
| അങ്കണവാടി നവീകരണം | 12000 | 0 | 12000 | 0 | 12000 | |
| തൊഴിലുറപ്പ് പദ്ധതി | | | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3426 | 536620 | 540046 | 534332+2489 (തിരിച്ചടച്ച തുക) | 3225 | |
| തൊഴിലാളികളുടെ കൂലി | 0 | 8992064 | 8992064 | 8992064 | - | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 44360211 | 99 | 18744524 | 17 | 42 | 58 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 6 | 1757212 | 1175123 | 67 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 857901 | 413066 | 48 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 5 | 5 | 1614278 | 1517534 | 94 |
| വി ഇ ഒ | 10 | 8 | 4671000 | 1521000 | 33 |

| | | | | | |
|---|---|---|---|---|---|
| വി ഇ ഒ | 11 | 10 | 2854071 | 1258361 | 44 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 11 | 3381370 | 3070842 | 90.8 |
| സെക്രട്ടറി | 31 | 23 | 5931890 | 4271011 | 72 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 48 | 23 | 22437689 | 4955326 | 22 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 854800 | 562261 | 66 |
| | 141 | 99 | 44360211 | 18744524 | 42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3426 | 536620 | 540046 | 534332 | 2489 | 3225 |
| തൊഴിലാളികളുടെ കൂലി | 0 | 8992064 | 8992064 | 8992064 | - | - |

2019-2020 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 190 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 91 എണ്ണം നടപ്പിലാക്കിയതിൽ 66 എണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-2020 വർഷം ആകെ 30515 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം 176 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8400 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 742200 | 264 |
| വിധവാപെൻഷൻ | 4062600 | 1390 |
| വാർദ്ധക്യകാലപെൻഷൻ | 9041400 | 3135 |
| വികലാംഗപെൻഷൻ | 1210300 | 401 |
| അവിവാഹിത പെൻഷൻ | 989400 | 341 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2021 ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4172 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള

നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും വിലയിരുത്തപ്പെടുന്നുണ്ട്. രജിസ്റ്ററുകൾ സൂക്ഷിക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചതിൽ അപാകത ഓഡിറ്റിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളും രേഖപ്പെടുത്തി കാലികമായി സൂക്ഷിച്ചിട്ടില്ല.

## 1-10 തൊഴിൽ നികുതി അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996 ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 ൽ തൊഴിൽകരം നിശ്ചയിക്കേണ്ട ആവശ്യത്തിലേക്കായി കമ്പനികളേയും വ്യക്തികളേയും തരം തിരിക്കേണ്ട വിധവും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട തൊഴിൽനികുതി പ്രതിപാദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

### 1-10-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കടമ്പൂർ ഹയർസെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി വിഭാഗം ജീവനക്കാരിൽ നിന്നും 2019-20 ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (5/11.10.21)മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-10-2 തൊഴിൽനികുതി രജിസ്റ്ററിലേയും റിട്ടേണുകളിലേയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

തൊഴിൽനികുതി റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ പേരും മറ്റു വിവരവും രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| തൊഴിൽനികുതി രജിസ്റ്റർ, റിട്ടേൺ പ്രകാരമുള്ള ക്രമനമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | | ഒടുക്കിയ തുക | | രശീതി നമ്പർ/ തീയതി(രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|---|
| | | രജിസ്റ്റർ പ്രകാരം | റിട്ടേൺ പ്രകാരം | രജിസ്റ്റർ പ്രകാരം | റിട്ടേൺ പ്രകാരം | |
| 26 | കാടാച്ചിറ സർവ്വീസ് സഹകരണബേങ്ക്, പനോന്നേരി ബ്രാഞ്ച് | 3 | 8 | 3100 | 9350 | 119020102233/30.09.019 |
| 27 | കാടാച്ചിറ സർവ്വീസ് സഹകരണബേങ്ക്, കാടാച്ചിറ ബ്രാഞ്ച് | 4 | 4 | 4350 | 4350 | 119020102229/30.09.019 * |
| 28 | കാടാച്ചിറ സർവ്വീസ് സഹകരണബേങ്ക്, കോട്ടൂർ ബ്രാഞ്ച് | 7 | 2 | 8100 | 1850 | 119020102231/30.09.019 |

* റിട്ടേണിലെ ജീവനക്കാരുടെ പേരും രജിസ്റ്ററിൽ രേഖപ്പെടുത്തിയ പേരും വ്യത്യസ്തമാണ്

രജിസ്റ്ററിലെ വിവരങ്ങളും റിട്ടേണുകളിലെ വിവരങ്ങളും ഒത്തുനോക്കി കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-11 എഫ്.ടി.ഇ.& ഒ എസ് ലൈസൻസ് അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ ലൈസൻസ് വരവിനവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.മൂലധനനിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല – വരവിനത്തിൽ 8500/- രൂപയുടെ നഷ്ടം

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഭേദഗതി ചട്ടം പ്രകാരം ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ഓരോ ഇനത്തിലും ബാധകമായ പരമാവധി തുകയാണ് ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മേൽ പരാമർശിച്ച പ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈടാക്കിയിട്ടുള്ളത്.വിശദവിവരം ചുവടെ ചേർക്കുന്നു.

1

| ഉടമസ്ഥന്റെ പേര് | സ്ഥാപനം | വാർഡ് നം/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധന നിക്ഷേപം | അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധന നിക്ഷേപം | ഈടാക്കിയ തുക/ രശീത് നം,തീയതി | ഈടാക്കേണ്ട തുക | വരവ് നഷ്ടം |
|---|---|---|---|---|---|---|---|
| റമീസ് കെ.പി. | ഹോട്ടൽ/ സേവന മേഖല | 9/254 | 2000(ഒരു ദിവസത്തെ വിറ്റുവരവ്) | 16 ലക്ഷം | 500 /118020106602, 05.03.19 | 1000 | 500 |
| അൻസീർ പി. | ഇലക്ട്രിക് പ്ലംബിംഗ് സാധനങ്ങളുടെ വിൽപ്പന/ സേവന മേഖല | 9/194 | 10000(ഒരു ദിവസത്തെ വിറ്റുവരവ്) | 15 ലക്ഷം | 500 / 11802010674, 14.03.19 | 1000 | 500 |
| സെക്രട്ടറി, കടമ്പൂർ ലേബർ വെൽഫെയർ കോ-ഓപ്പ് സൊസൈറ്റി | ഇംഗ്ലീഷ് മരുന്ന് വിൽപ്പന/ സേവന മേഖല | 9/465 | 10000 | 15 ലക്ഷം | 500 118020106822, 18.03.19 | 1000 | 500 |
| രതീകുമാർ | ഡെക്കറേഷൻ വാടകയ്ക്ക്/ സേവന മേഖല | 12/8 | 2 ലക്ഷം | 11 ലക്ഷം | 500 /118020106863, 20.03.2019 | 1000 | 500 |
| ആരിഫ് | ഇലക്ട്രിക് പ്ലംബിംഗ് , സാനിറ്ററി വിൽപ്പന/ സേവന മേഖല | 11/403,404,405 | രേഖപ്പെടുത്തിയിട്ടില്ല | 20 ലക്ഷം | 500 / 118020106480, 28.02.2019 | 1000 | 500 |
| സെക്രട്ടറി കടമ്പൂർ സർവ്വീസ് കോ-ഓപ് ബാങ്ക് | വളം ഡിപ്പോ/ സേവന മേഖല | 9/49 | 10000(ഒരു ദിവസത്തെ വിറ്റുവരവ്) | 15 ലക്ഷം | 500 /119020100764, 07.06.19 | 1000 | 500 |
| സെക്രട്ടറി കടമ്പൂർ | വളം ഡിപ്പോ/ സേവന മേഖല | 9/95 | രേഖപ്പെടുത്തിയിട്ടില്ല | 15 ലക്ഷം | 500 /119020102367, | 1000 | 500 |

| | | | | | | | |
|---|---|---|---|---|---|---|---|
| സർവ്വീസ് കോ-ഓപ് ബാങ്ക് | | | | | 10.10.19 | | |
| അഷ്റഫ് | ഗ്രാനൈറ്റ്, മാർബിൾ ,ടൈൽസ് വിൽപ്പന/ സേവന മേഖല | 9/318 എ | രേഖപ്പെട്ട ത്തിയിട്ടില്ല | 1 കോടി | 1000, 119020104162, 13.12.2019 | 5000 | 4000 |
| ശ്രീലേഷ് | കമ്പി, സിമന്റ് ,ഹാർഡ്‌വെയർ വിൽപ്പന/ സേവന മേഖല | 12/30 D,E,F,G | 20 ലക്ഷം | 20 ലക്ഷം | 500, 119020103980, 10.12.19 | 1000 | 500 |
| സനിഷ് ടി.കെ. | കമ്പി, സിമന്റ് ,ഹാർഡ്‌വെയർ വിൽപ്പന/ സേവന മേഖല | 10/458,459 | രേഖപ്പെട്ട ത്തിയിട്ടില്ല | 12 ലക്ഷം | 500, 119020103827, 06.12.19 | 1000 | 500 |
| | | | | | | ആകെ | 8500 |

മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (1/07.10.2021)മറുപടിയായി ബന്ധപ്പെട്ട വാർഡ് ക്ലർക്കിന്റെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കക്ഷികളെ നോട്ടീസ് മുഖാന്തിരം വിവരം അറിയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന തുകയായ 8500/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

**2.ലൈസൻസ് പുതുക്കുന്നതിന് സമർപ്പിച്ച അപേക്ഷകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ഓഡിറ്റ് വർഷം ലൈസൻസ് പുതുക്കുന്നതിനായി ലഭിച്ച അപേക്ഷകരുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപേക്ഷകൾ ലഭ്യമല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|
| 367 | എം.വി. ഷൈനി | റെഡിമെയ്ഡ് വസ്തുങ്ങളുടെ വിൽപ്പന |
| 369 | പ്രദീപ് കുമാർ | ബാറ്ററി ഏജൻസി നടത്തുന്നതിന് |
| 372 | ഫിർദൗസ് എം. | കോഴി വിൽപ്പന |
| 379 | പി. കൃഷ്ണൻ | ഇന്റർനെറ്റ് കഫെ |
| 395 | രാജൻ പി.വി | തുന്നൽക്കട നടത്തുന്നതിന് |

ലൈസൻസിനായുള്ള അപേക്ഷകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

**1-12 പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കൽ - അപാകങ്ങൾ**

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷാവസാനത്തിന്റെ അവസാനം വരെ ,അപ്രകാരം ചെയ്തിട്ടില്ലായിരുന്നെങ്കിൽ ചുമത്തപ്പെടാവുന്ന വസ്തുനികുതി നൽകുവാൻ കെട്ടിട ഉടമസ്ഥൻ ബാധ്യസ്ഥനായിരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ

വസ്തുനികുതി ഒഴിവാക്കലിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നികുതി ഒഴിവാക്കുന്നതിനായി ഭരണസമിതി തീരുമാനം എടുത്തെങ്കിലും ആയത് പ്രകാരമുള്ള മാറ്റം സഞ്ചയയിൽ വരുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷാതീയതി | ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ/തീയതി | ഭരണസമിതി തീരുമാനം നമ്പർ/ തീയതി |
|---|---|---|---|---|
| 2/191 | സി എൻ സുഹ്റ | 30.03.2019 | 33/2020,30.03.2020 | 145/20,30.03.2020 |
| 1/36 | ഉണ്ണികൃഷ്ണൻ | 19.06.2019 | 33/2020,30.03.2020 | 145/20,30.03.2020 |
| 8/320 | പി സി ധർമ്മരാജൻ | 16.05.2019 | 33/2020,30.03.2020 | 145/20,30.03.2020 |

സഞ്ചയയിൽ പൊളിച്ചുമാറ്റിയ കെട്ടിടമായി രേഖപ്പെടുത്താത്തതിനാൽ മേൽ കെട്ടിടങ്ങൾക്ക് നിലവിലും വസ്തുനികുതി ഡിമാന്റ് ചെയ്യുന്നുണ്ട്. മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(23/23.10.2021) ആയത് അറിയാതെ സംഭവിച്ച വീഴ്ചയാണെന്നും ഈ സാമ്പത്തീക വർഷം മുതൽ ഒഴിവാക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ അപാകം പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ.ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തുവരുന്നത് . ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായതിന്റെയും നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി **(21/21.10.21)** നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 മുട്ടക്കോഴിയും കൂടും- ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ആനുകൂല്യത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കാവുന്നതല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ – 112/20

പദ്ധതി – മുട്ടക്കോഴിയും കൂടും

അടങ്കൽ – 150000 (വികസനഫണ്ട് (ജനറൽ))

2000 (തനത് ഫണ്ട്)

ചെലവ് – 36900(വികസന ഫണ്ട്) ബിൽ നം. 11/07.03.20

-18450(വികസന ഫണ്ട്) ബിൽ നം 12/07.03.20

ആകെ – 55350

മുട്ടക്കോഴിയും കൂട്ടും എന്ന പദ്ധതി സ.ഉ(22/2018/തസ്വഭവ/14.02.18) ഖണ്ഡിക 6.2.7 പ്രകാരം കോഴിക്കൂടിന്റെയും കോഴിക്കുഞ്ഞുങ്ങളുടെയും യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിച്ച്, ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങി നൽകിയാണ് നടപ്പിലാക്കേണ്ടത്. കോഴിക്കുഞ്ഞുങ്ങളുടെയും കൂടിന്റെയും യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിച്ചതിന് ശേഷം ആയതിനനുസരിച്ചായിരിക്കണം സബ്സിഡി അനുവദിക്കേണ്ടത്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു

1. ഉത്തരവിൽ പരാമർശിച്ചതു പ്രകാരം കൂടും കോഴിക്കുഞ്ഞുങ്ങളെയും വാങ്ങി നൽകുന്നതിന് പകരം ഗുണഭോക്താക്കൾ ബാങ്ക് വായ്പയെടുത്ത് കോഴിക്കുഞ്ഞുങ്ങളെയും കൂടും നേരിട്ട് വാങ്ങിയതിന് ശേഷം ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിലേക്ക് സബ്സിഡി തുക 27 പേർക്ക് ₹2050 വീതം (10 കോഴികൾക്ക് 550 രൂപ, കൂടിന് 1500 രൂപ) അനുവദിക്കുകയാണ് ഉണ്ടായത്.

2.ഗ്രൂപ്പ് അടിസ്ഥാനത്തിൽ കോഴികുഞ്ഞുങ്ങളും കൂടും വിതരണംചെയ്യുന്നതിനായി തയ്യാറാക്കിയ 5 പേരടങ്ങുന്ന 57 ഗ്രൂപ്പുകളടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റിലെ 27 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് (ഭരണസമിതി തീരുമാനം നം. 434/19(1)19-20/16.02.19). 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി , ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി, ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകരിച്ചാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത് എന്നിരിക്കെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പദ്ധതികൾക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഗ്രാമസഭയുടെ അംഗീകാരം വാങ്ങാതെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്തത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/21.10.21) ഭരണ സമിതിയുടെ അജണ്ട 9.19-20 പ്രകാരമാണ് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃ ലിസ്റ്റ് തന്നെ വ്യക്തിഗത ആനുകൂല്യത്തിനുള്ള ലിസ്റ്റായി പരിഗണിച്ച് പ്രവൃത്തി നടപ്പിലാക്കാൻ നിർദ്ദേശിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ബാലസഭാ പ്രവർത്തനം - ഫണ്ട് അനുവദിക്കൽ - രേഖകൾ ഹാജരാക്കിയില്ല -40000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | S0123/20 – ബാലസഭാ പ്രവർത്തനം – ഫണ്ട് അനുവദിക്കൽ |
| അടങ്കൽ | ₹.53,000/-(വികസന ഫണ്ട്) |
| ചെലവ് | ₹.53,000/- |
| ബിൽ നം. , തീയതി & തുക | 3/19-20 / 17.7.2019 - ₹.53,000/- |

13 വാർഡുകളിൽ ബാലസഭാ പ്രവർത്തനത്തിന് 13000 (13X1000) രൂപ , ബാലോൽസവം പരിപാടി, ബാലസഭാ കുട്ടികൾക്ക് പഠനയാത്ര എന്നിവയ്ക്ക് 40000 രൂപ ഉൾപ്പെടെ 53000 രൂപയാണ് പദ്ധതി ചെലവ്. ടി തുക കുടുംബശ്രീ സിഡി എസ് ചെയർ പേഴ്സന് കൈമാറുന്നതാണ് പദ്ധതി. മേൽ ബിൽ പ്രകാരം സിഡി എസ് ചെയർ പേഴ്സന് പ്രസ്തുത തുക അ നുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

16.3.2019 ന് പഠനയാത്ര സംഘടിപ്പിച്ചുവെന്ന് പറയുന്നുണ്ടെങ്കിലും പഠനയാത്ര നടത്തിയ സ്ഥലം, പങ്കെടുത്ത കുട്ടികളുടെ ഹാജർ , പഠനയാത്രാ റിപ്പോർട്ട് , പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 12.10.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 40000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**1-16 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ള്യു.എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 847167/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 48/20 - പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ല്യൂ.എ. യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 156/20 - പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ല്യൂ.എ.-യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | ₹76225 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹390942 തനത് ഫണ്ട്<br>₹200000ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ – ₹667167 | ₹13374 വികസന ഫണ്ട്<br>₹166626 തനത് ഫണ്ട്<br>ആകെ – ₹180000 |
| ചെലവ് | ₹76225 ധനകാര്യ കമ്മീഷൻ അവാർഡ്<br>₹390942 തനത് ഫണ്ട്<br>₹200000 – ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ – ₹667167 | ₹13374വികസന ഫണ്ട്<br>₹166626 തനത് ഫണ്ട്<br>ആകെ – ₹180000 |
| വൗച്ചർ നമ്പർ, തീയ്യതി, തുക | 21901119/ 16-03-2020 -₹390942<br>21901179/ 30-03-2020 -₹50,000<br>21901180 / 30-03-2020 -₹26225<br>21901181/ 30-03-2020 -₹200000<br>ആകെ ₹667167 | 21900523/ 19-09-2019 -₹166626<br>2190572/ 28-09-2019 -₹13374<br>ആകെ ₹ 180000 |

മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ള്യു.എ യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്കായി 847167രൂപ (667167+180000) കേരള വാട്ടർ അതോറിറ്റിയിൽ ഡപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാനും മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാനും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/21.10.2021) സെക്രട്ടറി മറുപടി നല്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ 847167രൂപയുടെ (667167+180000) ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

**1-17 ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 5/20 ഐ.കെ.എമ്മിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ |
| അടങ്കൽ | ₹35540 വികസനഫണ്ട് |
| ചെലവ് | ₹35540വികസനഫണ്ട് |
| ബിൽ നമ്പർ& തീയ്യതി | 21900952, 30-01-2020 |

മേൽ പ്രോജക്ട് പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 35540 രൂപ ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഐ.കെ.എമ്മിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ -പൊതു അപാകങ്ങൾ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ ചുവടെ കൊടുക്കുന്നു

1- ഫയലുകളിൽ പ്രോജക്ടിന്റെ പകർപ്പ് ഉൾപ്പെടുത്തുന്നില്ല

2- എസ്റ്റിമേറ്റ് റിപ്പോർട്ടില്ല. ഇത് കാരണം പ്രവൃത്തിയുടെ നടത്തിപ്പിന്റെ വിശദമായ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുന്നില്ല. നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വ്യക്തത, റോഡുകളുടെ കാര്യത്തിലും കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, പ്രവൃത്തിയുടെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായവ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (KPWD Manual 1601.1.1, 1601.1.2)

3- സെലക്ഷൻ നോട്ടീസ് ഇല്ല.- ഇത് കാരണം സമയബന്ധിതമായി കരാർ സമർപ്പിച്ചിരുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല (KPWD Manual 2009.6)

4- പ്രവൃത്തി പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല. ഇത് കാരണം സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിരുന്നോയെന്നും, പൂർത്തീകരിക്കാത്തവയ്ക്ക് നിയമാനുസൃത പിഴ ഈടാക്കിയോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5- കാഷ് ബുക്കിൽ ബിൽ മാറിയ, തീയതി, ബിൽ നമ്പർ, തുക കൊടുത്ത തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

7- എം ബുക്കിലും ഫയലിലും മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

8- എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9-മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

10- ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി കൺവീനർ മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട്സ്, പൂർത്തീകരണ സാക്ഷ്യപത്രം തുടങ്ങിയവ രേഖകൾ ഹാജരാക്കിയിട്ടില്ല.

11 പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കേണ്ടതാണ്.

12. സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

13. റോഡ് സർവ്വേ നടപടികൾ പൂർത്തീകരിച്ച് തയ്യാറാക്കിയ കണക്ടിവിറ്റി പ്ലാനും കണക്ടിവിറ്റി മാപ്പും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/21.10.21)മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ മേൽ അപകാങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഫയലുകൾ കുറ്റമറ്റതായി സൂക്ഷിക്കേണ്ടതുമാണ്.

## 1-19 ഹരിതകേരള മിഷൻ മെറ്റീരിയൽ കലക്ഷൻ സെന്ററും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും സ്ഥാപിക്കൽ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 134/20 |
| പ്രോജക്ടിന്റെ പേര് | ഹരിതകേരള മിഷൻ മെറ്റീരിയൽ കലക്ഷൻ സെന്ററും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും സ്ഥാപിക്കൽ. |
| അടങ്കൽ | 263761(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ആകെ പ്രവൃത്തിമൂല്യം | 1763699 |
| ചെലവ് തുക -ബിൽ | 263761 -21/25.08.19 |

| | |
|---|---|
| നമ്പർ/തിയ്യതി | 14,99,938 (2018-19 വർഷത്തെ ചെലവ്) |
| കോൺട്രാക്ടർ | പിണറായി ഇൻഡസ്ട്രിയൽ കൊ- ഓപ് സൊസൈറ്റി ലി. |
| എം ബുക്ക് നമ്പർ | 24/17-18, 32/17-18, |
| എഗ്രിമെന്റ് നമ്പർ | AE/KP/24/17-18 Dt 23.11.17 |
| എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 24.05.18 |
| പി എ സി | 1827535 |

ഹരിതകേരള മിഷൻ മെറ്റീരിയൽ കലക്ഷൻ സെന്ററും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും സ്ഥാപിക്കൽ എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് 23.11.17 ന് പിണറായി ഇൻഡസ്ട്രിയൽ കൊ- ഓപ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട യഥാർത്ഥ കാലയളവ് വ്യക്തമല്ല. ഫയലിനോടോപ്പം തിയ്യതിയും നമ്പറും രേഖപ്പെടുത്താത്ത സപ്ലിമെന്ററി എഗ്രിമെന്റിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലപരിധി 23.05.18 ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന പരാമർശങ്ങൾക്ക് മറുപടി ഹാജരാക്കുന്നതിനായി എൻക്വയറി (നം 12/18.10.21)നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

1)-പൂർത്തീകരണ കാലയളവ് രേഖപ്പെടുത്താതെ കരാറുകാരനുമായി കരാറിലേർപ്പെടാനുള്ള കാരണം.

2)- കെട്ടിടത്തിന്റെ ഡിസൈനിലും സ്ട്രക്ചറിലും മാറ്റം വന്നിട്ടുള്ളതിനാൽ എൽ എസ് ജി ഡി എഞ്ചിനീയറുടെ 28.06.2018 ലെ അപേക്ഷ പരിഗണിച്ച് 09.07.2018 ലെ 192/18(1) നമ്പർ തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട ആവശ്യം വന്നാൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.1.6 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ, പ്രവൃത്തി പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ഇവിടെ 24.05.2018 പൂർത്തിയായ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 28.06.18 ന് അസിസ്റ്റന്റ് എഞ്ചിനീയർ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്തു എന്നാണ് തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള കാരണം അറിയിക്കേണ്ടതാണ്. (സ ഉ.(കൈ) നം 11/2018/തസ്വഭവ/29.01.18 3.8.2.9(V),(VI)എന്നിവ പ്രകാരം ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റിൽ ഇത്തരത്തിലുള്ള ഭേദഗതി ആവശ്യമായി വന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയായതിന് ശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിന് ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല.

3)-എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അനുമതിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ, പ്രവൃത്തിയുടെ സ്ട്രക്ചറിലും ഡിസൈനിലും വന്നിട്ടു ള്ള മാറ്റം, മാറ്റം വരുത്താനുള്ള കാരണം, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ സഹിതം സമർപ്പിച്ച അപേക്ഷ ഹാജരാക്കിയിട്ടില്ല.

4)-കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. [സ ഉ.(കൈ) നം 11/2018/തസ്വഭവ/29.01.18 .11.4.(2)]

5) പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

ഖണ്ഡികയിൽ പരാമർശങ്ങൾക്ക് മറുപടി രേഖകൾ സഹിതം ഹാജരാക്കിയും മെറ്റീരിയൽ കലക്ഷൻ സെന്ററും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും പ്രാവർത്തികമാക്കുന്നതിനായുള്ള അനുബന്ധപ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 പൊതുമരാമത്ത് പ്രവൃത്തികൾ നിയമാനുസൃതമായ പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 137/19-20 | 138/19-20 |
| പ്രോജക്ടിന്റെ പേര് | നന്ദോത്ത് റോഡ് ടാറിംഗ് | പട്ടയത്തിൽ മുക്ക് മുരിങ്ങോളി കുന്നോത്ത് റോഡ് ടാറിംഗ് |
| അടങ്കൽ | 30000( തനത് ഫണ്ട് )<br>370000(മെയിന്റനൻസ് ഫണ്ട്, റോഡ് )<br>ആകെ – ₹400000 | ₹290883 (വികസന ഫണ്ട് )<br>₹50416(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>₹58701(തനത് ഫണ്ട് )<br>ആകെ – ₹400000 |
| ആകെ പ്രവൃത്തിമൂല്യം | 379788 | ₹383086 |
| ബിൽ നമ്പർ | 370000 -17/24.07.19<br>21182 -JF 2086640/27.07.19<br>ആകെ – 391182 (3% ജി.എസ്.ടി. ഉൾപ്പെടെ) | 290883 -18/27.07.19<br>₹50416 -19/29.07.19<br>₹53280-JF5717701 /30.07.19<br>ആകെ – 394579 (ജി.എസ്.ടി. ഉൾപ്പെടെ) |
| കോൺട്രാക്ടർ | ടി വിനയരാജൻ | കെ നാണു |
| എം ബുക്ക് നമ്പർ | 2/19-20 | 1 /19-20 |
| എഗ്രിമെന്റ് നമ്പർ | AE/KP/22/18-19 Dt 26.09.18 | AE/KP/21/18-19 Dt 26.09.18 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് | 6 മാസം (25.03.19) | 6 മാസം |
| എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 18.05.19 | 18.05.19 |
| പി എ സി | 390989 | 386903 |

എഗ്രിമെന്റ് പ്രകാരം അനുവദിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽ പ്രവൃത്തിപൂർത്തീകരിക്കാത്ത പട്ടികയിൽ പരാമർശിച്ച പ്രവൃത്തിയുമായി ബന്ധപ്പെട്ട കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിച്ച് തുക അനുവദിക്കുമ്പോൾ ആയതിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. കരാറുകാരന്റെ പിഴവ് കാരണം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണ ഉദ്യഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ വാങ്ങി പൂർത്തീകരണ കാലാവധിയുടെ 25% വരെയും തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കി കൊണ്ട് 50% വരെയും ദീർഘിപ്പിച്ചു നൽകാവുന്നതാണ്. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ്

എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതും ഭരണസമിതിയിൽ അനുമതി വാങ്ങേണ്ടതുമാണ്. പട്ടികയിൽ പരാമർശിച്ച പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരൻ ഇത്തരത്തിൽ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിന് അപേക്ഷ നൽകുകയോ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/18.10.21) പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലർ നം. എസി.2/223/15/തസ്വഭവ/18.8.2018 പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ആദ്യത്തെ 3 മാസകാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിലും 2% നിരക്കിലുമുള്ള തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-21 GST കോമ്പൻസേഷൻ -സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തേണ്ടതാണ്

2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് പലതിനും GST കോമ്പൻസേഷൻ ഇനത്തിൽ 12% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഫൈനൽ ബില്ലിനൊപ്പം കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. സ.ഉ.(സാധാ.)നം.2532/2018/തസ്വഭവ, തീ. 29.09.2018 നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ GST കോമ്പൻസേഷൻ അനുവദിച്ച നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളിലൊന്നുംതന്നെ സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തിയിട്ടില്ല. വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി GST കോമ്പൻസേഷൻ അനുവദിക്കുമ്പോൾ കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോറം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഒഴിഞ്ഞ ടാർ ബാരലിന്റെ വില അതാത് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ (പി ) 177/2006/Fin 12.04.2006 പ്രകാരം ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

# ഭാഗം -2

## 2-1 മൂലധനനിക്ഷേപത്തിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല - വരവിനത്തിൽ 8500 രൂപയുടെ നഷ്ടം

1.ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ ലൈസൻസ് വരവിനവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു. 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ,മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ഭേദഗതി ചട്ടം പ്രകാരം ലൈസൻസ് ഈടാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം ഓരോ ഇനത്തിലും ബാധകമായ പരമാവധി തുകയാണ് ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മേൽ പരാമർശിച്ച പ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈടാക്കിയിട്ടുള്ളത്.വിശദവിവരം ചുവടെ ചേർക്കുന്നു.

1

| ഉടമസ്ഥന്റെ പേര് | സ്ഥാപനം | വാർഡ് നം/ കെട്ടിട നമ്പർ | അപേക്ഷയിൽ രേഖപ്പെടുത്തി | അന്വേഷണ റിപ്പോർട്ടിൽ | ഈടാക്കിയ തുക/ രശീത് | ഈടാ ക്കേണ്ട | വരവ് നഷ്ടം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | യിട്ടുള്ള മൂലധന നിക്ഷേപം | രേഖപ്പെടുത്തി യിട്ടുള്ള മൂലധന നിക്ഷേപം | നം,തീയതി | തുക | |
| റമീസ് കെ.പി. | ഹോട്ടൽ/ സേവന മേഖല | 9/254 | 2000(ഒരു ദിവസത്തെ വിറ്റുവരവ്) | 16 ലക്ഷം | 500 /118020106602, 05.03.19 | 1000 | 500 |
| അൻസീർ പി. | ഇലക്ട്രിക് പ്ലംബിംഗ് സാധനങ്ങളുടെ വിൽപ്പന/ സേവന മേഖല | 9/194 | 10000(ഒരു ദിവസത്തെ വിറ്റുവരവ്) | 15 ലക്ഷം | 500 / 11802010674, 14.03.19 | 1000 | 500 |
| സെക്രട്ടറി, കടനൂർ ലേബർ വെൽഫെയർ കോ-ഓപ്പ് സൊസൈറ്റി | ഇംഗ്ലീഷ് മരുന്ന് വിൽപ്പന/ സേവന മേഖല | 9/465 | 10000 | 15 ലക്ഷം | 500 118020106822, 18.03.20 | 1000 | 500 |
| രതകുമാർ | ഡെക്കറേഷൻ വാടകയ്ക്ക്/ സേവന മേഖല | 12/8 | 2 ലക്ഷം | 11 ലക്ഷം | 500 /118020106863, 20.03.2019 | 1000 | 500 |
| ആരിഫ് | ഇലക്ട്രിക് പ്ലംബിംഗ് , സാനിറ്ററി വിൽപ്പന/ സേവന മേഖല | 11/403,404,405 | രേഖപ്പെട്ട ത്തിയിട്ടില്ല | 20 ലക്ഷം | 500 / 118020106480, 28.02.2019 | 1000 | 500 |
| സെക്രട്ടറി കടമ്പൂർ സർവ്വീസ് കോ-ഓപ് ബാങ്ക് | വളം ഡിപ്പോ/ സേവന മേഖല | 9/49 | 10000(ഒരു ദിവസത്തെ വിറ്റുവരവ്) | 15 ലക്ഷം | 500 /119020100764, 07.06.19 | 1000 | 500 |
| സെക്രട്ടറി കടമ്പൂർ സർവ്വീസ് കോ-ഓപ് ബാങ്ക് | വളം ഡിപ്പോ/ സേവന മേഖല | 9/95 | രേഖപ്പെട്ട ത്തിയിട്ടില്ല | 15 ലക്ഷം | 500 /119020102367, 10.10.19 | 1000 | 500 |
| അഷ്റഫ് | ഗ്രാനൈറ്റ്, മാർബിൾ ,ടൈൽസ് വിൽപ്പന/ സേവന മേഖല | 9/318 എ | രേഖപ്പെട്ട ത്തിയിട്ടില്ല | 1 കോടി | 1000, 119020104162, 13.12.2019 | 5000 | 4000 |
| ശ്രീലേഷ് | കമ്പി, സിമന്റ് ,ഹാർഡ്വെയർ വിൽപ്പന/ സേവന മേഖല | 12/30 D,E,F,G | 20 ലക്ഷം | 20 ലക്ഷം | 500, 119020103980, 10.12.19 | 1000 | 500 |
| സനിഷ് ടി.കെ. | കമ്പി, സിമന്റ് ,ഹാർഡ്വെയർ വിൽപ്പന/ സേവന മേഖല | 10/458,459 | രേഖപ്പെട്ട ത്തിയിട്ടില്ല | 12 ലക്ഷം | 500, 119020103827, 06.12.19 | 1000 | 500 |
| | | | | | | ആകെ | 8500 |

മേൽ അപാകം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (1/07.102021)മറുപടിയായി ബന്ധപ്പെട്ട വാർഡ് ക്ലർക്കിന്റെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കക്ഷികളെ നോട്ടീസ് മുഖാന്തിരം വിവരം അറിയിച്ച് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന തുകയായ 8500/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

**വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 4.10.2021, 05.10.2021 | കെ.എസ്.എ./കെ.എൻ.ആർ./ സി.6/1224/2021 തീയതി: 06.12.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**Kadambur 19-20**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2019-20 | 63750 | നെൽകൃഷി വികസനം (77/20) | 49079 | 14671 |
| | 2019-20 | 70000 | കറവപശുക്കൾക്ക് പാലിന് സബ്സിഡി (37/20) | 0 | 70000 |
| | 2019-20 | 350000 | സ്പർശം-പാലിയേറ്റീവ് സൗഹൃദ പഞ്ചായത്ത് (25/20) | 350000 | 0 |
| | 2019-20 | 200000 | വീട് വാസയോഗ്യമാക്കൽ (ആശ്രയ) (38/20) | 0 | 200000 |
| | 2019-20 | 200000 | ലൈഫ് ഭവന പദ്ധതി (45/20) | 0 | 200000 |
| | 2019-20 | 325000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (18/20) | 325000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 70000 | കറവപശുക്കൾക്ക് പാലിന് സബ്സിഡി (37/20) | 31988 | 38012 |
| | 2019-20 | 650000 | സ്പർശം-പാലിയേറ്റീവ് സൗഹൃദ പഞ്ചായത്ത് (25/20) | 650000 | 0 |
| | 2019-20 | 325000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (18/20) | 325000 | 0 |
| | 2019-20 | 721773 | ലൈഫ് ഭവന നിർമ്മാണം (85/20) | 0 | 721773 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജകട് നം- 48/2020) | 21901119/ 16-03-2020 | ₹390942 | 0 | ₹390942 |
| | | 21901179/ 30-03-2020 | ₹50,000 | 0 | ₹50,000 |
| | | 21901180 / 30-03-2020 | ₹26225 | 0 | ₹26225 |
| | | 21901181/ 30-03-2020 | ₹200000 | 0 | ₹200000 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജകട് നം- 156/2020) | 21900523/ 19-09-2019 | ₹166626 | 0 | ₹166626 |
| | | 2190572/ 28-09-2019 | ₹13374 | 0 | ₹13374 |
| ആകെ | | | 847167 | 0 | 847167 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

**ഇല്ല**

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 32568444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 31649313 |
| വരവിനങ്ങളിലുള്ള നഷ്ടം | : 8500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 887167 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-11.1) | 8500 | | 3500- ശ്രീ. ഉമേഷ് ബാബു കോട്ടായി, സെക്രട്ടറി<br>4500 – ശ്രീ. പ്രദീപൻ എൻ., സെക്രട്ടറി<br>500 – ശ്രീ; മനോജ് സി.ടി., അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 40,000 | ശ്രീമതി.ബിന്ദുറാണി ,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-16 | 84716 | 1,80,000 - ശ്രീ..ഉമേഷ്ബാബു കോട്ടായി<br>667167 -ശ്രീ.പ്രദീപൻ എൻ, സെക്രട്ടറി |
| ആകെ | 887167 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉമേഷ് ബാബു കോട്ടായി, സെക്രട്ടറി | സീനിയർ സൂപ്രണ്ട്,പെർഫോമൻസ് ഓഡിറ്റ് ,യൂണിറ്റ്-1,കതിരൂർ | കോത്താല ഹൌസ്,പി ഒ കതിരൂർ |
| ശ്രീ.പ്രദീപൻ എൻ. പി,സെക്രട്ടറി | സെക്രട്ടറി,കണിച്ചാർ ഗ്രാമപഞ്ചായത്ത് | പ്രമദം,നെല്ലൂന്നി,മട്ടന്നൂർ പി ഒ<br>9446357897 |
| ശ്രീമതി.ബിന്ദുറാണി ,ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ,ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൂത്തുപറമ്പ മുനിസിപ്പാലിറ്റി. | അറക്കകളയിൽ,<br>അതിരമ്പുഴ പി.ഒ.,<br>കോട്ടയം ജില്ല<br>പിൻ – 686562 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 2 |
| 2001-02 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 4 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 7 |
| 2008-09, 2009-10, 2010-11 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 1 |
| 2011-12, 2012-13 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി6/ 797/2019 തീയതി 21.6.2019 | 3 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി6/ 1025/2019 തീയതി 4.11.2019 | 13 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ./ സി.6/22/1803/2019 തീയതി 22.01.2020 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യപത്രികകൾ

| Kadambur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 7652797.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1192260.00 |
| 140000000 | Fees & User Charges | RP-4 | 1064385.00 |
| 150000000 | Sale & Hire Charges | RP-5 | 58655.00 |
| 151000000 | Receipts from Transferred Institutions | RP-6 | 2595.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22114719.00 |
| 171000000 | Interest Earned | RP-9 | 88935.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4127150.00 |
| 340000000 | Deposits Received | RP-34 | 156000.00 |
| 350000000 | Other Liabilities | RP-36 | 151344.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 57010.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 16017.00 |
| 311000000 | Earmarked Funds | RP-29 | 970.00 |
| 340000000 | Deposits Received | RP-34 | 197452.00 |
| 350000000 | Other Liabilities | RP-36 | 178616.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3145923.00 |
| 460000000 | Loans, Advances and Deposits | RP-47 | 16413.00 |
| | **Grand total** | | **40221241.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3383687.00 |
| 220000000 | Administrative Expenses | RP-12 | 596102.00 |
| 230000000 | Operations & Maintenance | RP-13 | 947176.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1111415.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 8175596.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 250000.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1010796.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 471400.00 |
| 255000000 | Maintenance Projects | RP-20 | 2116962.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 69000.00 |
| 280000000 | Prior Period item | RP-26 | -82118.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 621871.00 |
| 340000000 | Deposits Received | RP-34 | 32000.00 |
| 350000000 | Other Liabilities | RP-36 | 5821289.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 89.00 |
| 280000000 | Prior Period Item | RP-26 | -6150.00 |
| 340000000 | Deposits Received | RP-34 | 149351.00 |
| 350000000 | Other Liabilities | RP-36 | 1710706.00 |
| 410000000 | Fixed Assets | RP-38 | 3359534.00 |
| 412000000 | Capital work in Progress | RP-40 | 338350.00 |
| 460000000 | Loans, Advances and Deposits | RP-47 | 1572257.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 8544774.00 |
| Cash | Cash | RP-40(b) | 27154.00 |
| | **Grand Total** | | **40221241.00** |

**Kadambur Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 4415322.00 |
| 140000000 | Fee & User Charges | I-4(b) | 1347718.00 |
| 150000000 | Sale & Hire Charges | I-5(b) | 58655.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 2595.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 52023801.00 |
| 171000000 | Interest Earned | I-8 | 88935.00 |
| 180000000 | Other Income | I-9 | 86382.00 |
| | **Total Income** | | **58023408.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9622314.00 |
| 220000000 | Administrative Expenses | I-11(b) | 641102.00 |
| 230000000 | Operations & Maintenance | I-12(b) | 1563971.00 |
| 240000000 | Interest & Finance Charges | I-13 | 89.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2260587.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18206690.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 348000.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1012178.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 16517300.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 2116962.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 69000.00 |
| 272000000 | Depreciation | I-17(a) | 5634272.00 |
| | **Total Expenditure** | | **57992465.00** |
| | **Gross Surplus/ Deficit of income over Expenditure** | | **30943.00** |
| 280000000 | Prior Period Item | I-18 | 163420.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-132477.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Kadambur Grama Panchayat BALANCE SHEET**

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -7979590.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20361.00 |
| 312000000 | Reserves | B-3 | 29205556.00 |
| | **Total Reserve & Surplus** | | **21246327.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4657138.00 |
| | **Total Grants, Contributions for Specific Purposes** | | **4657138.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 657074.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 674304.00 |
| | **Total Current Liabilities and Provisions** | | **1331378.00** |
| | **TOTAL LIABILITIES** | | **27234843.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 43332773.00 |
| 411000000 | Accumulated Depreciation | B-11 | -30684178.00 |
| 412000000 | Capital Work in Progress | B-11(a) | 2416544.00 |
| | **Total Fixed Assets** | | **15065139.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 338654.00 |
| 450000000 | Cash and Bank Balance | B-17 | 8571928.00 |
| 460000000 | Loans, Advances and Deposits | B-18 | 3259122.00 |
| | **Total Current Assets, Loans and Advances** | | **12169704.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |

| | |
|---|---|
| **TOTAL ASSETS** | **27234843.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.